**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4614** **10-08-2021 - ൽ മറുപടിയ്ക്ക്**

**കെ-സ്വിഫ്റ്റ് രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. ടി. ജെ. വിനോദ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി. സി.യുടെ കീഴിൽ കെ-സ്വിഫ്റ്റ് എന്ന സമാന്തര കമ്പനി രൂപീകരിച്ചത് ഏത് നിയമം, മാർഗ്ഗനിർദ്ദേശ പ്രകാരമാണ് എന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകുമോ; | (എ) | 19-02-2021 തീയതിയിലെ G.O. (MS) No. 7/2021/Trans നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് എന്ന കമ്പനി, 2013-ലെ കമ്പനി നിയമപ്രകാരമായിരിയ്ക്കും രജിസ്റ്റർ ചെയ്യുക. പ്രസ്തുത കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. |
| (ബി) | ഇന്ത്യയിൽ മറ്റേതെങ്കിലും സംസ്ഥാനത്ത് ഇപ്രകാരം കമ്പനി രൂപീകരിച്ചിട്ടുണ്ടോ; | (ബി) | ഇന്ത്യയിലെ മറ്റു സംസ്ഥാന ആർ.ടി.സി.കളിൽ സമാന്തര കമ്പനി രൂപീകരിച്ചതായി വിവരം ലഭിച്ചിട്ടില്ല. |
| (സി) | കിഫ്ബിയിൽ നിന്നും ലോണെടുത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകൾ വാങ്ങി പ്രസ്തുത കമ്പനിക്ക് വാടകയ്ക്ക് നൽകാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ; | (സി) | KIIFB-യിൽ നിന്നും ലോൺ ലഭ്യമാക്കുന്നതിന് കെ.എസ്.ആർ.ടി.സി പദ്ധതി സമർപ്പിച്ചിരുന്നു. 50 ഇലക്ട്രിക് ബസുകൾ, 310 സി.എൻ.ജി ബസുകൾ എന്നിവ വാങ്ങുന്നതിനും, 400 ബസുകൾ എൽ.എൻ.ജി.യിലേയ്ക്ക് മാറ്റുന്നതിനും, KIIFB ലോൺ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇതിനുള്ള തുക ലഭ്യമാക്കുതിനുള്ള ഒരു പ്രധാനപ്പെട്ട ഉപാധിയാണ് SPV (Special Purpose Vehicle) രൂപീകരിയ്ക്കുക എന്നത്. ഇത് നിറവേറ്റുക എന്ന ലക്ഷ്യത്തോടുകൂടിയാണ് K-SWIFT എന്ന കമ്പനി രൂപീകരിയ്ക്കുന്നത്. ഇപ്രകാരം വാങ്ങുന്ന ബസ്സുകൾ കെ.എസ്.ആർ.ടി.സി-യുമായുള്ള ഒരു കരാർ മുഖാന്തിരം പ്രസ്തുത കമ്പനിയുടെ കീഴിൽ ഓടിയ്ക്കുകയും കെ.എസ്.ആർ.ടി.സി-യ്ക്ക് ഇതിനു പകരമായി ഉപയോക്തൃ ഫീ നൽകുന്നതുമായിരിയ്ക്കും. |
| (ഡി) | കെ.എസ്.ആർ.ടി.സി. യുടെ റൂട്ടുകളും വർക്ക് ഷോപ്പുകളും ഈ കമ്പനിക്ക് യഥേഷ്ടം ഉപയോഗിക്കാൻ വിട്ട് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ്-ൽ ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി-യുടെ വർക്ക്ഷോപ്പ്, ഡിപ്പോകൾ തുടങ്ങിയ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതായിരിയ്ക്കും. |

| | | | |
|---|---|---|---|
| | | | ഇതിനുപകരം കെ.എസ്.ആർ.ടി.സി-യ്ക്ക് ഉപയോക്തൃ ഫീസ് നൽകുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ